**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായിരുന്ന ശ്രീ.വി.കെ.ചന്ദ്രശേഖരൻ, യു.ഡി.ക്ലർക്ക് ശ്രീ.സി.എ.അസീസ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സായാ) നമ്പർ.2702/2015/തസ്വഭവ. തിരുവനന്തപുരം, തീയതി: 07.09.2015**

---

പരാമർശം:- 1. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 26.11.2012ലെ C6(VC 04/2009/KTM) 9926/2009 നമ്പർ കത്ത്.

2. 24.01.2014-ലെ 72330/ഇആർബി3/2013/തസ്വഭവ നമ്പർ കത്ത്.
3. ശ്രീ.വി.കെ.ചന്ദ്രശേഖരൻ, ശ്രീ.സി.എ.അസീസ് എന്നിവർക്കെതിരെയുള്ള 31.01.2014ലെ 72330/ഇആർബി3/2013/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. ശ്രീ.സി.എ.അസീസ്, ശ്രീ.വി.കെ.ചന്ദ്രശേഖരൻ എന്നിവർ യഥാക്രമം 26.03.2014, 04.05.2014 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ.
5. 17.11.2011-ലെ ഗ്രാമവികസന കമ്മീഷണറുടെ 13917/എസ്റ്റാഎ2/10/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ, 2001-05 കാലയളവിൽ കമ്പ്യൂട്ടർ പരിശീലനം നൽകിയതിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച് ടി ബ്ലോക്കിലെ മുൻ ബി.ഡി.ഒ.ആയിരുന്ന ശ്രീ.വി.കെ.ചന്ദ്രശേഖരൻ, യു.ഡി.ക്ലർക്ക്, ശ്രീ.സി.എ.അസീസ്, എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സർക്കാരിനുണ്ടായ നഷ്ടമായ 35,000/-രൂപ മുൻ ബി.ഡി.ഒ.ആയിരുന്ന ശ്രീ.വി.കെ.ചന്ദ്രശേഖരൻ, യു.ഡി.ക്ലർക്ക്, ശ്രീ.സി.എ.അസീസ്, ശ്രീ.കെ.ആർ.ജോസഫ്, പ്രൊപ്രൈറ്റർ, ലേണേഴ്സ് കമ്പ്യൂട്ടർ സെന്റർ, മുണ്ടക്കയം എന്നിവരിൽ നിന്നും ഈടാക്കുന്നതിനും ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

മേൽ ശുപാർശ പ്രകാരം സർക്കാരിനുണ്ടായ നഷ്ടമായ 35,000/- രൂപ ശ്രീ.വി.കെ.ചന്ദ്രശേഖരൻ, ശ്രീ.സി.എ.അസീസ്, ശ്രീ.കെ.ആർ.ജോസഫ്. എന്നിവരിൽ നിന്നും ഈടാക്കുന്നതിനായി പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും, ശ്രീ.വി.കെ.ചന്ദ്രശേഖരൻ, ശ്രീ.സി.എ.അസീസ് എന്നിവർക്ക് പരാമർശം (3)

പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും അയതിൻ ടിയാളുകൾ പരാമർശം (4)

പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തു.

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ 2001-05 കാലയളവിൽ കമ്പ്യൂട്ടർ പരിശീലനം നൽകിയതിൽ കണ്ടെത്തിയ അപാകത സംബന്ധിച്ച് നൽകിയ കുറ്റാരോപണം നിഷേധിക്കുന്നുവെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാന പ്രകാരമാണ് കമ്പ്യൂട്ടർ പരിശീലനം നടത്തിയതെന്നും, ക്വട്ടേഷൻ നിരസിക്കാനുള്ള അധികാരം തനിക്കില്ലായെന്നും, കമ്പ്യൂട്ടർ പരിശീലനം നടത്താനുള്ള സ്ഥാപനത്തെ തീരുമാനിച്ചത് സംബന്ധിച്ച് ഭരണസമിതിയുടെ മിനിട്ട്സിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നും,, ഇക്കാര്യത്തിലുള്ള ചെലവുകൾ സംബന്ധിച്ച് എല്ലാ രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ടെന്നും, തുക കൈപ്പറ്റിയവരുടെ ഒപ്പ്, ചെക്കിന്റെ കൗണ്ടർ ഫോയിൽ, ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെന്നും ഓരോ സാമ്പത്തിക വർഷത്തേയും പദ്ധതികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് ജില്ലാ ആസൂത്രണ സമിതിയാണെന്നും പകർപ്പുകൾ അതാത് പ്രോജക്ടുകളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയും, ബ്ലോക്ക് പഞ്ചായത്തിന് ടി പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും സാമ്പത്തിക നഷ്ടം സംഭവിച്ചാൽ ആ തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരികെ അടയ്ക്കാമെന്ന് കമ്പ്യൂട്ടർ പരിശീലന സ്ഥാപന ഉടമയുമായി കരാറിൽ ഒപ്പിട്ടിട്ടുള്ളതുമാണെന്നും ഇക്കാരണങ്ങളാൽ തന്നെ കുറ്റവിമുക്തനാക്കണമെന്നും ശ്രീ.ചന്ദ്രശേഖരൻ തന്റെ പ്രതിവാദ പത്രികയിൽ അപേക്ഷിച്ചിട്ടുണ്ട്.

2007-ൽ ഹെഡ് ക്ലാർക്കായി പ്രൊമോഷനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിട്ടതൽ വാങ്ങി പോയതിനു ശേഷമാണ് വിജിലൻസ് വകുപ്പ് കമ്പ്യൂട്ടർ പരിശീലനം സംബന്ധിച്ച് അന്വേഷണം നടത്തിയതെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിലും, പദ്ധതിയുടെ യോഗ്യതക്ഷമത തീരുമാനിക്കുന്നതിലും, ഒരു സെക്ഷൻ ക്ലാർക്കിന് യാതൊരു വിധ പങ്കും ഇല്ലാത്തതാണെന്നും ഫയലുകൾ ഹെഡ് ക്ലാർക്ക് വഴിയാണ് സമർപ്പിച്ചിട്ടുള്ളതെന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ സാമ്പത്തിക വർഷത്തെയും വൗച്ചറുകളും സീരിയലായി സൂക്ഷിച്ചിട്ടുണ്ടെന്നും, ഓരോ പേമെന്റിനും ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനത്തിന്റെ പകർപ്പ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും ശ്രീ.അസീസ് തന്റെ പ്രതിവാദ പത്രിക പ്രകാരം അറിയിച്ചിരുന്നു.

ടി ഉദ്യോഗസ്ഥരുടെ പ്രതിവാദപത്രികകളിന്മേൽ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.. കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കായി സ്ഥാപനങ്ങളെ

തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിക്കാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ബ്ലോക്ക് പഞ്ചായത്ത് തീരുമാനം നിയമപരമല്ല എന്ന് ബോധ്യപ്പെട്ട് വിയോജിപ്പുണ്ടെങ്കിൽ തന്റെ വിയോജിപ്പ് രേഖപ്പെടുത്താവുന്നതും ആയത് ഗവൺമെന്റിലേക്ക് അയച്ചു കൊടുക്കാവുന്നതും ആയതിന്മേൽ ഗവൺമെന്റിൽ നിന്നും 15 ദിവസത്തിനകം മറുപടി ലഭ്യമായില്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലാക്കാവുന്നതുമാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും, എന്നാൽ ഇത്തരം നടപടികൾ സെക്രട്ടറി സ്വീകരിച്ചതായി കാണുന്നില്ലെന്നും പദ്ധതികൾക്കായി സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ചെക്കുകളുടെ കൗണ്ടർ ഫോയിലിൽ സ്വീകർത്താവിന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ചെക്ക് ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്നും ജില്ലാ ആസൂത്രണ സമിതിയുടെ നടപടിക്രമത്തിന്റെ പകർപ്പ് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടില്ലായെങ്കിലും ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, അതോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, ബില്ലുകളുടെയും രസീതുകളുടെയും പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും 23.02.2014-ൽ കൂടിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം 2003-04 വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് വക കൊള്ളിച്ചിരുന്ന തുക ആ പദ്ധതികൾ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടായതിനാൽ അവയ്ക്കു പകരം കമ്പ്യൂട്ടർ പരിശീലനം എന്ന പദ്ധതി ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും, പരിശീലന പരിപാടിക്ക് ഗ്രാമസഭാ ലിസ്റ്റിൽ നിന്നും തിരഞ്ഞെടുത്ത ഗുണഭോക്താക്കളെ കമ്മറ്റി അംഗീകരിച്ച് സ്ഥാപനങ്ങളിലേക്ക് അയക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നുവെന്നും, ടി പദ്ധതികൾ പ്രകാരം കൂടുതൽ പരിശീലനാർത്ഥികളെ ലേണേഴ്സ് കമ്പ്യൂട്ടർ സെന്ററിലേക്ക് അയച്ചിട്ടുള്ളതിനാലാണ് ടി സെന്ററിന് കൂടുതലായി 35,000/- രൂപ കൊടുത്തിട്ടുള്ളതെന്നും, കൂടാതെ അംഗീകൃത സ്ഥാപനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലന സ്ഥാപനങ്ങളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ളതിനാൽ കൂടുതലായി പേമെന്റുകൾ നടത്തിയിട്ടുള്ളത് തിരിച്ചു പിടിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.സി.എ.അസീസ് 2007-ൽ ഹെഡ് ക്ലാർക്കായി പ്രൊമോഷനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിടുതൽ വാങ്ങി പോയതിനു ശേഷമാണ് വിജിലൻസ് വകുപ്പ് കമ്പ്യൂട്ടർ പരിശീലനം സംബന്ധിച്ച് അന്വേഷണം നടത്തിയതെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിലും പദ്ധതിയുടെ യോഗ്യതക്ഷമത തീരുമാനിക്കുന്നതിലും ഒരു സെക്ഷൻ

ക്ലർക്കിന് യാതൊരുവിധ പങ്കം ഇല്ലായെങ്കിലും പ്രായോഗികതനത്തിൽ തീരുമാനമെടുക്കേണ്ട നിർവ്വഹണ ഉദ്യോഗസ്ഥന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുവാനുള്ള പ്രാഥമിക ഉത്തരവാദിത്തം സെക്ഷൻ ക്ലാർക്കിൽ നിക്ഷിപ്തമാണെന്നും, പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി നിയോഗിച്ച സബ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനമനുസരിച്ച് ടെണ്ടർ പരസ്യത്തിന്റെ കരട് തയ്യാറാക്കുക സെക്ഷൻ ക്ലർക്കിന്റെ ചുമതലയിൽപ്പെട്ടതാണെന്നും. ഫയലുകൾ ഹെഡ് ക്ലാർക്ക് മുഖാന്തിരമാണ് സമർപ്പിച്ചിരുന്നതെന്നും എങ്കിലും സൂപ്പർവൈസറി ഉദ്യോഗസ്ഥൻ വിയോജന കുറിപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ലെന്നും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ കമ്പ്യൂട്ടർ പരിശീലനം നടത്തിയത് പരിശീലന സ്ഥാപനങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നും, കാഞ്ഞിരപ്പള്ളി അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മറ്റിയുടെ റിപ്പോർട്ടുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ കമ്പ്യൂട്ടർ പരിശീലനം നടത്തിയതിൽ കണ്ട അപാകതക്ക് സെക്ഷൻ ക്ലാർക്കായ ശ്രീ.സി.എ.അസീസിന്റെ ഭാഗത്ത് കാതലായ വീഴ്ച സംഭവിച്ചതായി കാണുന്നില്ലെന്നും അതോടൊപ്പം ടിയാന്റെ പേരിലുള്ള അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ലേണേഴ്സ് കമ്പ്യൂട്ടർ സെന്റർ പ്രൊപ്രൈറ്റർ ശ്രീ.കെ.ആർ.ജോസഫുമായി കരാർ വച്ചതിൽ നിന്നും 35,000/- രൂപ അധികമായാണ് ലേണേഴ്സ് കമ്പ്യൂട്ടർ സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. സ്റ്റേറ്റ്/സെൻട്രൽ ഗവൺമെന്റിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളെ മാത്രമേ കമ്പ്യൂട്ടർ പരിശീലനത്തിനായി തെരഞ്ഞെടുക്കാവൂ എന്നിരിക്കെ, അംഗീകാരമില്ലാത്ത ലേണേഴ്സ് കമ്പ്യൂട്ടർ സെന്റർ, മുണ്ടക്കയം, ഹൈടെക് കമ്പ്യൂട്ടർ കോളേജ്, മുക്കൂട്ടുതറ എന്നീ സ്ഥാപനങ്ങളെ കമ്പ്യൂട്ടർ പരിശീലനത്തിനായി തെരഞ്ഞെടുത്തതും, ലേണേഴ്സ് കമ്പ്യൂട്ടർ സെന്ററിന്, കരാറിനു വിരുദ്ധമായി 35,000/- രൂപ നൽകിയതും നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.വി.കെ.ചന്ദ്രശേഖരന്റെ വീഴ്ചയായി കാണാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിലും പദ്ധതി നിർവ്വഹണത്തിലും ഒരു സെക്ഷൻ ക്ലർക്കിന് യാതൊരുവിധ പങ്കം ഇല്ലായെങ്കിലും പദ്ധതിയുടെ പ്രായോഗിക വശം പരിശോധിച്ച് തീരുമാനമെടുക്കേണ്ട നിർവ്വഹണ ഉദ്യോഗസ്ഥന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുവാനുള്ള പ്രാഥമിക ഉത്തരവാദിത്തം സെക്ഷൻ

ക്ലാർക്കിൽ നിക്ഷിപ്തമാണ്. ആയത് ശ്രീ.സി.എ.അസീസ് നിർവ്വഹിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ശ്രീ.വി.കെ.ചന്ദ്രശേഖരനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രമെന്റ് ഒരു വർഷത്തേയ്ക്ക് തടഞ്ഞു കൊണ്ടും, ശ്രീ.സി.എ.അസീസിനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി ടിയാന് 'സെൻഷർ' നൽകികൊണ്ടും തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.ജെ.ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

ശ്രീ.വി.കെ.ചന്ദ്രശേഖരൻ, മുൻ ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസർ,
കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്.
ശ്രീ.സി.എ.അസീസ്, യു.ഡി.ക്ലർക്ക്,
കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്.
} (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം/കോഴിക്കോട്
വിജിലൻസ് (ഇ) വകുപ്പ് (Lr.No.11533/E3/13/Vig, dated 22.10.2013)
✓ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ